"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 01/04/2013-ന് മുൻപ് പി.എസ്.സി. മുഖേന സ്ഥിരം തസ്തികകളിൽ നിയമനം ലഭിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടർന്നു വരവെ സാമൂഹ്യനീതി വകുപ്പിന്റെ, 18.05.2013-ലെ സ.ഉ(പി)നം. 40/2013/SJD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ട ഭിന്നശേഷിക്കാരായ ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി(ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.8/2026/SJD തീയതി,തിരുവനന്തപുരം, 08-03-2026

---

പരാമർശം:- 1. 18.05.2013-ലെ സ.ഉ(പി)നം. 40/2013/SJD നമ്പർ ഉത്തരവ്.

2. 03.02.2016ലെ സ.ഉ (പി) 01/2016/സാ.നീ.വ നമ്പർ ഉത്തരവ്

**ഉത്തരവ്**

16.08.1999 മുതൽ 31.12.2003വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയ ഭിന്നശേഷിക്കാർക്ക് പുനർ/റഗുലർ നിയമനം നൽകുന്നതിനായി 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട്പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഇത്തരത്തിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ അനുവദിക്കാമെന്ന് വ്യക്തത വരുത്തിക്കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരം സീനിയോറിറ്റി, നിരീക്ഷണകാലം, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവയ്ക്ക് ഇവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ അവധി, യാത്രാബത്ത, ദിനബത്ത, ഇൻക്രിമെന്റ്, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് എന്നിവയ്ക്ക് അർഹതയുണ്ട്. എന്നാൽ 01.04.2013നു ശേഷം സർവ്വീസിൽ പ്രവേശിച്ചവരായതിനാൽ ദേശീയ പെൻഷൻ പദ്ധതിയാണ് ഇവർക്ക് ബാധകമായിട്ടുള്ളത്.

3. 16.08.1999 മുതൽ 31.12.2003വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയവരും, പി.എസ്.സി മുഖാന്തിരം 01/04/2013-ന് മുൻപ് വിവിധവകുപ്പുകളിൽ സ്ഥിരംതസ്തികയിൽ, നിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാരും, പരാമർശം (1) പ്രകാരം സൃഷ്ടിക്കപ്പെട്ട സൂപ്പർന്യൂമററി തസ്തികയിൽ ഉൾപ്പെടുത്തി

നിയമനം നൽകിയിരുന്നു. എന്നാൽ പി.എസ്.സി മുഖാന്തിരം മുൻപ് നിയമനം ലഭിച്ചവരും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടർന്നുവന്നിരുന്നവരും, പിന്നീട് സൂപ്പർ ന്യൂമററി തസ്തികയിലേക്ക് മാറിയവരുമായ ഭിന്നശേഷിജീവനക്കാരുടെ വിഷയം സർക്കാർ പ്രത്യേകമായി പരിശോധിക്കുകയുണ്ടായി.

4. 01/04/2013-ന് മുൻപ് പി.എസ്.സി. മുഖേന സ്ഥിരം തസ്തികകളിൽ നിയമനം ലഭിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടർന്നു വരവെ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ട ഭിന്നശേഷിക്കാരായ ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പടെയുള്ള എല്ലാ വകുപ്പ് മേധാവിമാർക്കും,
സെക്രട്ടറി , കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ , പട്ടം , തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ , തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E/Audit) കേരള, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (പെൻ -എ 5/70/24-ധന(2703564) തീയതി 28.2.2026 പ്രകാരം)
രജിസ്ട്രാർ, കേരള ഹൈക്കോടതി , എറണാകുളം.
അഡ്വക്കേറ്റ് ജനറൽ , കേരള ഹൈക്കോടതി , എറണാകുളം
സാമൂഹ്യനീതി ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, ശാസ്തമംഗലം. TVM.
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും ,
എല്ലാ ജില്ലാ കളക്ടർമാർക്കും,
ബന്ധപ്പെട്ട എല്ലാ നിയമനാധികാരികൾക്കും , സ്ഥാപനമേധാവിമാർക്കും,
രജിസ്ട്രാർ, വിവിധ യൂണിവേഴ്സിറ്റികൾ
പൊതുഭരണ സർവ്വീസസ് വകുപ്പ്
ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ )വകുപ്പ്.
കരുതൽ കോപ്പി/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Jasmine Thomas**
**Date: 08-03-2026 20:03:30**
സെക്ഷൻ ഓഫീസർ